**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2125** **20-01-2021 - ൽ മറുപടിയ്ക്ക്**

**മങ്കട നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി . എ . അഹമ്മദ് കബീർ | | **Smt. K. K .Shailaja Teacher**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ കുടുംബക്ഷേമവകുപ്പിനുകീഴിൽ മങ്കട മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ, പ്രവൃത്തിയുടെ പേര്, ഭരണാനുമതി ഉത്തരവ്, തുക, നിലവിലെ പുരോഗതി എന്നിവയുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മങ്കട നിയോജക മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ; 1. പാങ്ങ് കുടുംബാരോഗ്യ കേന്ദ്രത്തിൽ 2017-2018 വർഷത്തിൽ എം.എൽ.എ ഫണ്ടുപയോഗിച്ച് 22 ലക്ഷം (ഇരുപത്തി രണ്ട് ലക്ഷം രൂപ മാത്രം) രൂപയുടെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. 2. മങ്കട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ, സ.ഉ (സാധാ)നം. 2714/2018/H&FWD, 04.09.2018 പ്രകാരം അനുവദിച്ച എം.എൽ.എ ഫണ്ടുപയോഗിച്ച് 1 കോടി (ഒരു കോടി) രൂപയുടെ ഒ.പി ബിൽഡിംഗിന്റെ സെക്കന്റ് ഫ്ലോറിന്റെ വർക്ക് പൂർത്തീകരിച്ച് വരുന്നു. കൂടാതെ, എൽ.എസ്.ജി.ഡി പ്രോജക്ട് നമ്പർ S0090/20 പ്രകാരം 21,66,466 രൂപയുടെ (ഇരുപത്തൊന്ന് ലക്ഷത്തി അറുപത്തി ആറായിരത്തി നാനൂറ്റി അറുപത്തിയാറ് രൂപ മാത്രം) വനിതാ വാർഡ് നിർമ്മാണം പൂർത്തീകരിച്ചു. 3. അങ്ങാടിപ്പുറം പ്രാഥമികാരോഗ്യ കേന്ദ്രം : എൻ.എച്ച്.എം, എൽ.എസ്.ജി.ഡി ജനകീയാസൂത്രണ പദ്ധതി എന്നിവ പ്രകാരം 56,00,000 (അൻപത്തിയാറ് ലക്ഷം രൂപ മാത്രം) രൂപയുടെ പുതിയ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. 4. മൂർക്കനാട് കുടുംബാരോഗ്യ കേന്ദ്രം : മൂർക്കനാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ എം.എൽ.എ ഫണ്ടിൽ നിന്നും 20,00,000, (ഇരുപത് ലക്ഷം രൂപ) എൻ.എച്ച്.എം ൽ നിന്ന് 16.07 ലക്ഷം, എൽ.എസ്.ജി.ഡി ഫണ്ടിൽ നിന്നും 32,00,000 (മുപ്പത്തിരണ്ട് ലക്ഷം രൂപ) എന്നീ തുകകൾ ഉപയോഗിച്ച് പുതിയ കെട്ടിടത്തിന്റെ പണി പൂർത്തികരിച്ചു. 5. പി.എച്ച്.സി കുട്ടിലങ്ങാടി DCMPM-13580/2018-L2 dtd. 03.09.2020 23.11 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കും. 6. പി.എച്ച്.സി. പുഴകാട്ടിരി DCMPM-13580/2018-L2 dtd. 03.09.2020 15.09 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കും. |
| (ബി) | 2020-21 സാമ്പത്തിക വർഷം വകുപ്പ് തലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രത്യേകം നൽകാമോ? | (ബി) | 2020-21 സാമ്പത്തിക വർഷത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി ഭരണാനുമതി നൽകിയതും, ആരംഭിക്കാൻ പോകുന്നതുമായ പ്രവൃത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു. 1. പി.എച്ച്.സി. കുട്ടിലങ്ങാടി DCMPM-13580/2018-L2 dtd. 03.09.2020 23.11 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾ 2. പി.എച്ച്.സി. പുഴകാട്ടിരി DCMPM-13580/2018-L2 dtd.03.09.2020 15.09 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾ |

സെക്ഷൻ ഓഫീസർ